**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 654** **28-01-2026 - ൽ മറുപടിയ്ക്ക്**

**കളിമൺ - ഓട്ടുകമ്പനി വ്യവസായം നേരിടുന്ന പ്രതിസന്ധികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ ഏറ്റവും വലിയ പരമ്പരാഗത വ്യവസായമായിരുന്ന കളിമൺ-ഓട്ടുകമ്പനി മേഖല നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) | അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും അവ ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (ബി) | പരമ്പരാഗത കളിമൺ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടുംബങ്ങൾക്ക് കളിമണ്ണ് ലഭിക്കുന്നതിന് നിലവിലെ നിയമപരമായ വ്യവസ്ഥ അനുസരിച്ച് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടം 106(5) പ്രകാരം, ജില്ലാ വ്യവസായ കേന്ദ്രം നൽകുന്ന തിരിച്ചറിയൽ കാർഡ് ഹാജരാക്കുന്ന തൊഴിലാളികൾക്കും സഹകരണ സംഘങ്ങൾക്കും റോയൽറ്റി ഇല്ലാതെ വർഷത്തിൽ 50 ടൺ കളിമണ്ണ് ഖനനം ചെയ്യാൻ അനുമതിയുണ്ട്. ഇതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് 'സ്പെഷ്യൽ ട്രാൻസിറ്റ് പാസ്സ്” ലഭ്യമാണ്. കൂടാതെ, 1967-ലെ ചട്ടപ്രകാരം 'P- Form' ഉപയോഗിച്ച് കുടിൽ വ്യവസായത്തിന് മണ്ണ് കൊണ്ടുപോകാം. റവന്യൂ ജിയോളജി, ആർ.ടി.ഒ വകുപ്പുകളുടെ അനുമതിയും സ്ഥല ഉടമയുടെ സമ്മതപത്രവും ഇതിന് ആവശ്യമാണ്.<br><br>പാരിസ്ഥിതികാനുമതി ലഭ്യമാക്കേണ്ടുന്ന ഇനത്തിൽ നിന്നും കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പും ഇളവ് നല്കിയിട്ടുള്ളതാണ്. പരമ്പരാഗത മൺപാത്ര തെളിയിക്കുന്ന തൊഴിലാളിയാണ് എന്ന് രേഖകൾ ഇനത്തിൽപെട്ട ഹാജരാക്കിയാൽ പുരയിടം ഇനത്തിൽ പെട്ട ഭൂമിയിൽ ഭൂവുടമയുടെ സമ്മതപത്രത്തോടെ, പ്രതിവർഷം 50 മെട്രിക് ടൺ കളിമണ്ണ് നീക്കം ചെയ്യുന്നതിന് നിലവിൽ അനുമതി നൽകി വരുന്നു.<br><br>കളിമൺ ലഭ്യത കുറവ് പരിഹരിക്കുന്നതിന് കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ |

| | | | |
|---|---|---|---|
| | | | വിവിധങ്ങളായ നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് കളിമൺ ലഭ്യമായ ഇടങ്ങൾ കണ്ടെത്തി ജിയോളജി വകുപ്പുമായി ചേർന്ന് മാപ്പിങ് നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ Raw Material Bank രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br><br>വ്യാവസായിക അടിസ്ഥാനത്തിൽ ഓട് ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ ചെളി ഖനനം ചെയ്യുന്നതിനു ദീപക് കുമാർ കേസിലെ (ദീപക് കുമാർ Vs. സ്റ്റേറ്റ് ഓഫ് ഹരിയാന) ബഹു. സുപ്രീംകോടതിയുടെ വിധ്യായത്തിനു ശേഷം മുൻകൂർ പാരിസ്ഥിതികാനുമതിയോടുകൂടിയുള്ള ക്വാറിയിങ് പെർമിറ്റ് സമ്പാദിക്കേണ്ടതുണ്ട്. പെർമിറ്റ് സമ്പാദിക്കുവാനുള്ള നടപടിക്രമങ്ങൾ സുഗമമാക്കുന്നതിന്റെ ഭാഗമായി മൈനിങ് & ജിയോളജി വകുപ്പും കേരള സ്റ്റേറ്റ് റിമോർട്ട് സെൻസിങ് & എൻവയോൺമെൻന്റ് സെന്ററും (KSREC) സംയുക്തമായി തൃശ്ശൂർ ,കോഴിക്കോട്. മലപ്പുറം ജില്ലകളിൽ KSIDC യുടെ സഹായത്തോടെ കളിമൺ ലഭ്യമാക്കുന്ന സ്ഥലങ്ങളെ സംബന്ധിച്ച് വിശദമായ പഠനം നടത്തി പ്രസ്തുത റിപ്പോർട്ട് പരിശോധിച്ചുവരികയാണ് |
| (സി) | പൂട്ടിക്കിടക്കുന്ന ഓട്ടുകമ്പനികളുടെ സ്ഥലം പരിവർത്തനം നടത്തുന്നതിനും പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുന്നതിനും സഹായകരമായ നടപടികൾ സ്വീകരിക്കാമോ? | (സി) | അപേക്ഷ/പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പൂട്ടിക്കിടക്കുന്ന ഓട്ടുകമ്പനികളുടെ സ്ഥലം ഉപയോഗപ്പെടുത്തി പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ